**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1213** **30-06-2026-ൽ മറുപടിയ്ക്ക്**

**കൃഷി വകുപ്പിന്റെ പുതിയ പദ്ധതികൾ**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ**

ശ്രീമതി ഉമ തോമസ്

ശ്രീ. സെബാസ്റ്റ്യൻ. എം. ജെ

ശ്രീ. എ. ഡി. തോമസ്

ശ്രീ. പഴകുളം മധു

**മറുപടി നൽകിയ മന്ത്രി**

ശ്രീ. ടി. സിദ്ദീഖ്

(കൃഷി വകുപ്പ് മന്ത്രി)

**(എ)** കൃഷി വകുപ്പ് എന്തെല്ലാം പുതിയ പദ്ധതികളാണ് ആവിഷ്ക്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

**മറുപടി:** കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് 2026-27 സാമ്പത്തിക വർഷത്തിൽ ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പുതിയ പദ്ധതിളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

**കൃഷി സഖി - വനിതാ കർഷക വികസന പരിപാടി** - 2026-27 കാലയളവിൽ കൃഷി സഖി - വനിതാ കർഷക വികസന പരിപാടിക്കായി ₹350.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഓരോ ഗ്രാമപഞ്ചായത്തിലും നിലവിലുള്ളതും സാധ്യതയുള്ളതുമായ വനിതാ കർഷക ഗ്രൂപ്പുകളെ കണ്ടെത്തി അവരെ കാർഷിക സംരംഭങ്ങളിലേക്കും കാർഷിക പ്രവർത്തനങ്ങളിലേക്കും സംയോജിപ്പിക്കുന്നതിലൂടെ വനിതാ കർഷകരെ കേരളത്തിലെ കാർഷിക മേഖലയിലെ ഒരു പ്രധാന ശക്തിയാക്കി മാറ്റുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ഉൽപ്പാദനം, സംസ്കരണം, മൂല്യവർദ്ധനവ്, വിപണനം, വിതരണം എന്നിവയുൾപ്പെടെ മുഴുവൻ കാർഷിക മൂല്യ ശൃംഖലയെയും ഉൾക്കൊള്ളുന്ന ഈ പദ്ധതിയിലൂടെ കാർഷിക മേഖലയിലെ സ്ത്രീകളെ ശാക്തീകരിക്കുവാൻ പരിപാടി വിഭാവനം ചെയ്യുന്നു.

**സാങ്കേതികവിദ്യ അടിസ്ഥാനമാക്കിയുള്ള കൃഷി (Technology Driven Agriculture)** - 2026-27 കാലയളവിൽ, കാർഷിക മേഖലയിലെ പുതിയ സാങ്കേതികവിദ്യകൾ പ്രോത്സാഹിപ്പിക്കുന്നതിനായി 'സാങ്കേതികവിദ്യ അടിസ്ഥാനമാക്കിയുള്ള കൃഷി' എന്ന പദ്ധതിയ്ക്കായി ₹150.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും, ലഭ്യമായ വിഭവങ്ങളിൽ നിന്നും പരമാവധി ലാഭം കർഷകർക്ക് ലഭിക്കുന്നതിനും, കീട-രോഗ നിയന്ത്രണം ശക്തിപ്പെടുത്തുന്നതിനും, കൃഷി ചെലവ് കുറയ്ക്കുന്നതിനും, കാലാവസ്ഥാ പ്രതിരോധശേഷി വർദ്ധിപ്പിക്കുന്നതിനും നിർമ്മിത ബുദ്ധി (AI), ഡ്രോണുകൾ, IoT ഉപകരണങ്ങൾ, സെൻസറുകൾ, സ്മാർട്ട് ഇറിഗേഷൻ, പ്രിസിഷൻ ഫാമിംഗ് എന്നിവയുടെ സ്വീകാര്യത കർഷക സമൂഹത്തിൽ കൂട്ടുന്നതിനും ഈ പദ്ധതി പിന്തുണ നൽകും. ആധുനികവൽക്കരണം ത്വരിതപ്പെടുത്തുന്നതിനും, സംസ്ഥാനത്തുടനീളം സുസ്ഥിരവും, ഡാറ്റാധിഷ്ഠിതവുമായ വിള ഉൽപാദനം ഉറപ്പാക്കുന്നതിനും ഈ പദ്ധതി ലക്ഷ്യമിടുന്നു.

**ഫാം ടൂറിസത്തിന്റെ പ്രോത്സാഹനം (Promotion of Farm Tourism)** - 2026-27 ൽ, കാർഷിക വരുമാനം വർദ്ധിപ്പിക്കുന്നതിനും, തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും, കേരളത്തിന്റെ കാർഷിക പൈതൃകം

പ്രദർശിപ്പിക്കുന്നതിനും വേണ്ടി ഒരു സുസ്ഥിര കാർഷിക സംരംഭമായി ഫാം ടൂറിസത്തെ പ്രോത്സാഹിപ്പിക്കുന്നതിനായി ₹50.00 ലക്ഷം വകയിരുത്തിയിട്ടുണ്ട്. പ്രായോഗിക ബിസിനസ് പ്ലാനുകളുടെയും വിശദമായ പ്രോജക്ട് റിപ്പോർട്ടുകളുടെയും അടിസ്ഥാനത്തിൽ ഗുണഭോക്താക്കളെ തിരഞ്ഞെടുത്ത് അവർക്ക് വായ്പ ബന്ധിത പ്രോജക്ടുകൾക്ക് ഈ പദ്ധതി പലിശയിളവ് (Interest Subvention) നൽകുവാൻ ഉദ്ദേശിക്കുന്നു. സംസ്ഥാനത്തുടനീളമുള്ള ഫാം ടൂറിസം സംരംഭങ്ങളുടെ അപേക്ഷകൾ, നിരീക്ഷണം, മാനേജ്മെന്റ് എന്നിവ കാര്യക്ഷമമാക്കാൻ ഒരു പ്രത്യേക മൊഡ്യൂൾ കൃഷി വകുപ്പിന്റെ KATHIR അപ്ലിക്കേഷനിൽ പദ്ധതിയ്ക്കായി തയ്യാറാക്കുവാൻ ഉദ്ദേശിക്കുന്നു.

വിദ്യലയങ്ങളിൽ പച്ചക്കറി കൃഷി പ്രോത്സാഹനത്തിനായി പദ്ധതി അധിഷ്ഠിത സഹായം - 2026-27 ൽ, സ്കൂളുകളിൽ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി സമഗ്ര പച്ചക്കറി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി ഒരു പുതിയ ഘടകത്തിനായി ₹100.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി ഫാം ക്ലബ്ബ്കൾ രൂപീകരിച്ച് കുട്ടികളിൽ കൃഷി അവബോധം വളർത്തുക, പോസിറ്റീവ് മനോഭാവങ്ങൾ വളർത്തുക, സ്കൂൾ പൂന്തോട്ടപരിപാലനത്തിലൂടെ വിദ്യാർത്ഥികളുടെ ക്ഷേമം വർദ്ധിപ്പിക്കുക എന്നിവയാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. ഗുണനിലവാരമുള്ള വിത്തുകൾ, തൈകൾ, മറ്റു ഉല്പാദനോപാധികൾ എന്നിവയ്ക്ക് സാമ്പത്തികവും സാങ്കേതികവുമായ സഹായം കൃഷി ഭവനുകളിലൂടെയും കൃഷി വിജ്ഞാന കേന്ദ്രങ്ങളിലൂടെയും നൽകും. പൊതുവിദ്യാഭ്യാസ വകുപ്പുമായും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായും ഏകോപിപ്പിച്ച് കൃഷി വകുപ്പ് ഈ പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു.

**(ബി)** കൃഷി വകുപ്പിൽ ഘടനാപരമായ മാറ്റങ്ങൾ വരുത്തുവാൻ ആലോചിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കാമോ;

**<u>മറുപടി:</u>** 2018-ലെ പ്രളയദുരന്തത്തിന്റെ പശ്ചാത്തലത്തിൽ ആരംഭിച്ച റീബിൽഡ് കേരള ഇനീഷ്യേറ്റിവിൽ ഉൾപ്പെടുത്തി കൃഷി വകുപ്പിൽ മാനവവിഭവശേഷി (Human Resource) സംബന്ധമായ പഠനം (Comprehensive Human Resource Diagnostic Study) ഡൽഹി ആസ്ഥാനമായ CS Data Mission Resource Service Private Limited എന്ന സ്ഥാപനം വഴി നടത്തിയിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിനെ ആസ്പദമാക്കി എന്തൊക്കെ ഘടനാപരമായ മാറ്റങ്ങൾ പ്രായോഗികമായി ചെയ്യാൻ കഴിയും എന്നതിന്മേലുള്ള ചർച്ചകൾ നടന്നു വരുന്നു.

**(സി)** യുവാക്കളെയും വിദ്യാർത്ഥികളെയും കൃഷിയിലേക്ക് ആകർഷിക്കുന്നതിന് പ്രത്യേക കർമ്മപദ്ധതി തയ്യാറാക്കുമോ; വ്യക്തമാക്കാമോ?

**<u>മറുപടി:</u>** 2026-27 ൽ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് യുവാക്കളെയും വിദ്യാർത്ഥികളെയും കൃഷിയിലേക്ക് ആകർഷിക്കുന്നതിനായി പുതിയ പരിപാടികൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. സ്കൂൾ പച്ചക്കറിത്തോട്ടങ്ങൾ, ഫാം ക്ലബ്ബുകൾ, സാങ്കേതികവിദ്യ അടിസ്ഥാനമാക്കിയുള്ള കാർഷിക പ്രവർത്തനങ്ങൾ തുടങ്ങിയ സംരംഭങ്ങൾ പുതു തലമുറയിൽ കൃഷിയെ കുറിച്ചുള്ള അവബോധം വളർത്തുന്നതിനും കാർഷിക സൗഹൃദ കാഴ്ചപ്പാട് വളർത്തുന്നതിനുമായി സഹായിക്കുന്നു. ഇത്തരത്തിലുള്ള പദ്ധതികൾ കൃഷിയെ വിദ്യാഭ്യാസവുമായി സംയോജിപ്പിക്കുന്നു, അതേസമയം കാർഷിക ഇൻകുബേഷൻ സഹായം, ഫാം ടൂറിസം, ആധുനിക വിള പരിപാലന രീതികൾ എന്നിവയ്ക്കുള്ള പിന്തുണ നൈപുണ്യ വികസനം, സംരംഭകത്വം, സുസ്ഥിരമായ ഉപജീവനമാർഗ്ഗം എന്നിവയ്ക്കുള്ള അവസരങ്ങൾ നൽകുന്നു. യുവതലമുറയെ പ്രചോദിപ്പിക്കുക, ഗ്രാമീണ തൊഴിൽ വൈവിധ്യവൽക്കരിക്കുക, സംസ്ഥാനത്തിന്റെ കാർഷിക പൈതൃകം ശക്തിപ്പെടുത്തുക എന്നിവയാണ് ഈ പരിപാടികളുടെ ലക്ഷ്യം.

**സെക്ഷൻ ഓഫീസർ**